## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: അനുപമ.റ്റി.വി IAS)

**ഉത്തരവ് നം.WCD/E9/10416 /2020** **തിരുവനന്തപുരം,തീയതി:16.09.2020**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – പത്താം ശമ്പള പരിഷ്കരണം - സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ ഓഫ് പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. GO(P) No.7/2016/Fin dated:20.01.2016
2. സ.ഉ(കൈ)നം.24/2017/സാനീവ തീയതി:30.06.2017
3. വനിത ശിശു വികസന ഡയറക്ടറുടെ 03.07.2020 ലെ WCD/E8/6453/20 നം നടപടിക്രമങ്ങൾ.

പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ കേരള മിനിസ്റ്റീരിയൽ സർവ്വീസിലെ സീനിയർ സൂപ്രണ്ട് / തത്തുല്യ തസ്തികയിലെ ജീവനക്കാർക്ക് കേഡർ സ്റ്റെങ്ങ്ത്തിന്റെ 25% റേഷ്യോ ഓഫ് പ്രൊമോഷൻ 40500–85000 രൂപ ശമ്പള സ്കെയിലിൽ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകൃതമായിട്ടുണ്ട്. വകുപ്പ് വിഭജനത്തോടനുബന്ധിച്ച് ജീവനക്കാരുടെ കേഡർ സ്റ്റെങ്ങ്ത്ത് നിർണ്ണയിച്ചപ്പോൾ സീനിയർ സൂപ്രണ്ട് തസ്തികയിലെ ആകെ കേഡർ സ്റ്റെങ്ങ്ത്തായ 42 ൽ നിന്നും 24 എണ്ണം വനിത ശിശു വികസന വകുപ്പിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.ഈ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ആകെ കേഡർ സ്റ്റെങ്ങ്ത്തായ 24 ന്റെ 25% ആയ 6 തസ്തികകൾക്കാണ് ഹയർഗ്രേഡ് ആനുകൂല്യം അനുവദിക്കുന്നതിന് അർഹതയുള്ളത്.നിലവിൽ സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ 3 പേർ സേവനമനുഷ്ഠിച്ച വരുന്നു. പരാമർശം (3) പ്രകാരമുള്ള സീനിയർ സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.4,5,6 ആയി ഉൾപ്പെട്ടിട്ടുള്ള 3 പേർക്കു കൂടി ഹയർഗ്രേഡ് ആനുകൂല്യത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പിലെ മിനിസ്റ്റീരിയൽ സർവ്വീസിൽ ഉൾപ്പെട്ടതും 36600–79200 രൂപ ശമ്പള സ്കെയിലിലുള്ളതുമായ സീനിയർ സൂപ്രണ്ട് / തത്തുല്യ തസ്തികയുടെ 25% ഹയർഗ്രേഡ് (റേഷ്യോ ഓഫ് പ്രൊമോഷൻ) പരാമർശം (3)ലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.4,5,6 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന 3 ജീവനക്കാർക്ക് കെ.എസ്സ്.ആർ പാർട്ട് –1 ചട്ടം 28 എ യ്ക്ക് വിധേയമായി റീ–

ഫിക്സേഷൻ ആനുകൂല്യത്തോടെ ചുവടെ കാണും പ്രകാരം 40500-85000 രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | ഹയർഗ്രേഡ്ആനുകൂല്യം അനുവദിക്കുന്ന പ്രാബല്യ തീയതി | ഒഴിവ് ഉണ്ടായ തീയതിയും സ്വഭാവവും |
|---|---|---|---|
| 1. | ശ്രീ.എം.വേണുക്കുട്ടൻ<br>PEN NO:211895<br>സീനിയർ സൂപ്രണ്ട്<br>ജില്ലാ തല ICDS സെൽ, കൊല്ലം<br>(സീനിയോരിറ്റി ക്രമ നം.4) | 21.01.2020 | 21.01.2020<br>ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ ഇരു വകുപ്പിലേയ്ക്കുമായി വിന്യസിച്ചപ്പോൾ ഉണ്ടായ ഒഴിവ് |
| 2. | ശ്രീ.പി.ഷൈല കുമാർ<br>PEN NO:212489<br>സീനിയർ സൂപ്രണ്ട്<br>ജില്ലാ വനിത ശിശു വികസന ഓഫീസ്, കൊല്ലം<br>(സീനിയോരിറ്റി ക്രമ നം.5) | 21.01.2020 | 21.01.2020<br>ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ ഇരു വകുപ്പിലേയ്ക്കുമായി വിന്യസിച്ചപ്പോൾ ഉണ്ടായ ഒഴിവ് |
| 3. | ശ്രീ.എസ്സ്.എൽ.ശ്യാം ശങ്കർ<br>PEN NO:211611<br>സീനിയർ സൂപ്രണ്ട്<br>വനിത ശിശു വികസന ഡയറക്ടറേറ്റ്<br>(സീനിയോരിറ്റി ക്രമ നം.6) | 21.01.2020 | 21.01.2020<br>ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ ഇരു വകുപ്പിലേയ്ക്കുമായി വിന്യസിച്ചപ്പോൾ ഉണ്ടായ ഒഴിവ് |

പരാമർശം (1)ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർഗ്രേഡ് അനുവദിക്കപ്പെട്ട തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നതിനും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
വനിതശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ(എ &ഇ)കേരള തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്